
ओ३म्

ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)

# ആര്യസന്ദേശം

വെള്ളിനേഴി ആര്യസമാജത്തിന്റെ മുഖപത്രം




പുസ്തകം : 1 | ലക്കം : 1 | വേദ സൃഷ്ടി സംവത്സരം 19729495114 | യുഗാബ്ദം 5114 ആഷാഢം | 1187 എടവം 2012 ജൂൺ



### മുഖവാണി

## ഓം കൃണ്വന്തോ വിശ്വമാര്യം

**ഇ**ന്ന് വേദധർമ്മാനുയായികൾ എന്നറിയപ്പെടുന്ന ഹിന്ദുജനത ഒരു നിർണ്ണായക കാലഘട്ടത്തിലൂടെ കടന്നു പോകുകയാണ്. നമ്മുടെ അടിവേരുകളായ വേദങ്ങളെ തഴഞ്ഞ് നവീനങ്ങളും, അനാർഷവുമായ വിചാര ധാരകളിലും ആചാരപദ്ധതികളിലും വശംവദരായി കൂട്ടത്തോടെയുള്ള മതം മാറ്റത്തിനും അനൈക്യത്തിലും ആണ്ടുകിടക്കുകയാണ്. വേദാനുകൂലമായ പഠന പാഠന പദ്ധതിയും അഗ്നിഹോത്ര-ഷോഡശക്രിയാദികളും ചിട്ടയോടെ നടന്നിരുന്ന ആര്യാവർത്തം കുരുക്ഷേത്ര മഹായുദ്ധം വരെ വിശ്വഗുരുവും ലോകത്തിന്റെ ശ്രീകോവിലുമായിരുന്നു. ജൂതൻമാരെപോലെ ഇന്ന് അവകാശപെടുന്ന തിരഞ്ഞെടുത്ത ജനത എന്ന പേരിന് തികച്ചും അവകാശികൾ ഭാരതീയരായിരുന്നു. എന്നാലിന്നു നാം തികച്ചും അവഗണിക്കപ്പെട്ട ജനത യായി മാറിയിരിക്കുന്നു എന്നല്ലെ വാസ്തവം!

ഈ വെല്ലുവിളികളെ നേരിടാൻ മഹർഷി ദയാനന്ദൻ മുന്നോട്ടു വെച്ച "വേദങ്ങളിലേക്കു മടങ്ങുക" എന്ന ആഹ്വാനം മാത്രമേ ഉപകരിക്കൂ എന്ന് ചരിത്രം തെളിയിച്ചതാണ്. മഹർഷിയുടെ സന്ദേശം അഥവാ ആര്യസന്ദേശം ജനങ്ങളിലെത്തിക്കുക എന്നതാണ് ഈ പത്രികയുടെ ഉദ്ദേശം. ഒരു എളിയ തുടക്കമെന്ന നിലക്ക് വളരെ ചുരുങ്ങിയ പേജുകളിലായി യാതൊരു സംഘടനാ ബലമോ അർത്ഥ ബലമോ ഇല്ലാതെ ആരംഭിക്കുന്ന ഈ ആര്യസന്ദേശം കേരളത്തിലെ പ്രബുദ്ധ സമൂഹം ഇരു കൈയും നീട്ടി സ്വീകരിക്കുമെന്ന് പ്രത്യാശിക്കുന്നു.

"ലോകത്തെ ശ്രേഷ്ഠമയമാക്കുക" എന്ന വേദ സന്ദേശത്തെ (ഓം കൃണ്വന്തോ വിശ്വമാര്യം) നമുക്ക് സർവത്ര പ്രചരിപ്പിക്കുമാറാകട്ടെ.

**പത്രാധിപർ**

## വേദാദ്ധ്യയനം



ഓം അഗ്നിമീളേ പുരോഹിതം
യജ്ഞസ്യ ദേവ മൃത്വിജം
ഹോതാരം രത്നധാതമം

*(ഋഗ്വേദം 1.1.1)*

പദാർഥം: **യജ്ഞസ്യ** – നമ്മൾ പണ്ഡിതന്മാരുടെ സേവനത്തിനും മഹിമക്കും കർമ്മങ്ങൾക്കുമായി **ഹോതാരം** – നൽകുന്നു അഥവാ ഗ്രഹിക്കാനുതകുന്ന **പുരോഹിതം** – സൃഷ്ടികാലം മുതൽ പരമാണു തുടങ്ങിയവയുടെ സൃഷ്ടിയുടെ ധാരണം ചെയ്യുന്നവനും **ഋത്വിജം** – അനന്തമായ സൃഷ്ടിസമയം തൊട്ട് സ്ഥൂലസൃഷ്ടിയെ രചിക്കുന്നവനും എല്ലാ ഋതുക്കളിലും ഉപാസനാ യോഗ്യനുമായ **രത്നധാതമം** – സുവർണാദിരത്നങ്ങളാൽ ധാരണം ചെയ്ത പൃഥ്വിയെ **ദേവം** – നൽകുന്നവനും എല്ലാ പദാർത്ഥങ്ങൾക്കും പ്രകാശം ചൊരിയുന്നവനുമായ പരമേശ്വരനെ **ഈളേ** – സ്തുതിക്കുന്നു.

**ഭാവാർത്ഥം:** ശ്ലേഷാലങ്കാരമുപയോഗിച്ച ഈ മന്ത്രത്തിൽ നിന്ന് രണ്ടു തരത്തിലുള്ള അർത്ഥങ്ങൾ ഗ്രഹിക്കാവുന്നതാണ്. പിതാവിന് സമാനമായ കൃപചൊരിയുന്ന പരമേശ്വരൻ സമസ്ത ജീവജാലങ്ങൾക്കും ഹിതകരവും എല്ലാ വിദ്യകളേയും അറിയുവാൻ പ്രാപ്തരാക്കുന്നതിനുമായി കൽപ്പാദിയിൽ വേദോപദേശം നൽകുന്നു. എങ്ങനെയാണോ പിതാവ് അഥവാ ആചാര്യൻ പുത്രന്മാരേയും ശിഷ്യന്മാരേയും സത്യം പറയുവാനും പിതാവിന്റേയും ആചാര്യന്റേയും സേവനം നടത്തുക, അസത്യഭാഷണം ചെയ്യാതിരിക്കാൻ ഉപദേശിക്കുക എന്നിവ ചെയ്യുന്നത് അതുപോലെതന്നെയാണ് 'അഗ്നിമീളേ' ഇത്യാദി വേദമന്ത്രങ്ങളിൽ നിന്നും ഗ്രഹിക്കേണ്ടത്. എന്തെന്നാൽ സമസ്ത ജീവജാലങ്ങളുടേയും ഉത്തമ സുഖത്തിനാണ് ഈശ്വരൻ വേദവാണിയെ പ്രകടിപ്പിച്ചത്. ഇവിടെ 'അഗ്നിമീളേ' എന്ന വേദോപദേശത്തിന് പരോപകാരമെന്ന പദംകൂടി വരുന്നതിനാൽ 'ഈഡേ' എന്ന ഉത്തമപുരുഷപ്രയോഗം നടത്തിയിരിക്കുന്നു. അഗ്നിശബ്ദത്തിന് ഇവിടെ പരമേശ്വരൻ എന്നും ഭൗതികാഗ്നി എന്നുമുള്ള അർത്ഥം ഗ്രഹിക്കാവുന്നതാണ്. ശീഘ്രഗമനഹേതു എന്നർത്ഥം വരുന്ന അശ്വവിദ്യ എന്ന പേരിൽ ശില്പവിദ്യയെ പണ്ടുകാലത്തെ ആര്യന്മാർ രൂപം നൽകിയത് ഇതേ അഗ്നിവിദ്യയുടെ ഉന്നതിയേയായിരുന്നു. (മഹർഷി ദയാനന്ദ സരസ്വതിയുടെ ഋഗ്വേദ ഭാഷ്യത്തിൽനിന്ന്)

☞

**മനുർഭവഃ ജനയാ ദൈവ്യം ജനം** *(ഋഗ്വേദം 10.53.6)*

**മനുഷ്യനാകൂ! ദിവ്യഗുണശാലികളായ സന്താനങ്ങൾക്ക് ജന്മമേകൂ!**

# ആചാര്യപ്രണാമം

## കേരളത്തിൽ ആര്യസമാജത്തിന് അടിത്തറ പാകിയവർ

*- കെ.എം. രാജൻ*

**വൈ**ദികധർമ്മത്തെ പുനഃരുദ്ധരിക്കുന്നതിനായി നവോത്ഥാന നായകനായ മഹർഷി ദയാനന്ദ സരസ്വതി 1875 ൽ ബോംബേയിൽ പ്രവർത്തനം തുടങ്ങിയ ആര്യ സമാജം വളരെ ചുരുങ്ങിയ കാലത്തിനുള്ളിൽ ഉത്തരഭാരതത്തിലും ഏതാനും വിദേശ നാടുകളിലും ശക്തിപ്രാപിച്ചുവെങ്കിലും ദക്ഷിണ ഭാരതത്തിൽ വിശിഷ്യാ കേരളത്തിൽ പ്രവർത്തനമാരംഭിച്ചത് 1921 ഓടെയാണ്. ഈ പ്രസ്ഥാനം കേരളത്തിൽ വേരുറപ്പിക്കുന്നതിനുവേണ്ടി ശ്രമിച്ച ആര്യ മിഷണറിമാരേയും ആചാര്യൻമാരേയും നമ്മുടെ ചരിത്രപുസ്തകങ്ങൾ തീരെ അവഗണിച്ചതായി തോന്നുന്നു. അവരെകുറിച്ച് ലഭ്യമായ വിവരങ്ങൾ ഇവിടെ കുറിക്കുകയാണ്. വേദപ്രചാരണത്തിനായി സർവ്വസ്വവും സമർപ്പിച്ച ആചാര്യൻമാർക്കായുള്ള പ്രണാമമായി ഇത് സമർപ്പിക്കുന്നു.

ഖിലാഫത്ത് പ്രസ്ഥാനത്തിന്റെ ഭാഗമായി 1921 ൽ മലബാറിൽ നടന്ന ഭീഭൽസമായ ലഹള ഭാരതത്തേമൊത്തം പിടിച്ചു കുലുക്കിയിരുന്നു. അശരണരും അസംഘടിതരുമായിരുന്ന ഹൈന്ദവ ജനതക്കുമേൽ നടന്ന സംഹാരതാണ്ഡവത്തെ പ്രതിരോധിക്കാൻ സമർത്ഥമായ ദേശീയ പ്രസ്ഥാനങ്ങൾ അക്കാലത്ത് കേരളത്തിലുണ്ടായിരുന്നില്ല.

വൈദിക ധർമ്മത്തിനും ഹൈന്ദവർക്കും നേരെ നടന്ന ഭീഭൽസമായ ആക്രമണ വിവരം അറിഞ്ഞപ്പോൾ ലാഹോറിലായിരുന്നു ആദ്യകാല ആര്യമിഷണറി പണ്ഡിറ്റ് ഹൻസ് രാജിന് അന്നു രാത്രി ഉറങ്ങാൻപോലും കഴിഞ്ഞില്ലെന്ന് ആര്യസമാജചരിത്ര ഗ്രന്ഥങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അടുത്ത ദിവസം തന്നെ പഞ്ചാബ് ആര്യപ്രതിനിധി സഭയുടെ ഒരു യോഗം ചേർന്നു. ആ യോഗത്തിൽ കേരളത്തിനു സഹായം നൽകുന്നതിനുവേണ്ടി സമർപ്പിച്ച നിവേദനത്തോടൊപ്പം മഹാത്മാ ഹൻസ്‌രാജ് ഇപ്രകാരം പ്രസ്താവിച്ചതായി പഞ്ചാബ് ആര്യപ്രതിനിധി സഭയുടെ രേഖകളിൽ കാണുന്നു. "ജാഗൃതിയുടെ ഈ സമയത്തും പലരേയും ബലപൂർവ്വം ഇസ്ലാമാക്കി മാറ്റുന്നത് നമുക്ക് നേരേയുള്ള വെല്ലുവിളിയാണ്. ഈ വെല്ലുവിളിയേ നാം നേരിട്ടേ പറ്റൂ.

പ്രതിനിധി സഭ ഈ പ്രസ്താവത്തെ അംഗീകരിച്ച് കേരളത്തിലേക്ക് പണ്ഡിറ്റ് ഋഷിറാമിനേ പ്രചാരകനായി നിയോഗിച്ചു. ശ്രീയുത് ഖുശിപാൽചന്ദ് ഖുർസദ്, പണ്ഡിറ്റ് മസ്താൻചന്ദ് എന്നിവരേയും അദ്ദേഹത്തോടൊപ്പം അയച്ചു. തുടർന്ന് മഹതാ സാവൽമൽ തുടങ്ങി മറ്റു കാര്യകർത്താക്കളും മലബാറിലെത്തി. ഏതാനും മാസത്തേ കഠിനശ്രമത്തിന്റെ ഫലമായി ബലം പ്രയോഗം മൂലം മുസൽമാൻമാരായി തീർന്ന 28000 ഹിന്ദുക്കളെ വൈദിക ധർമ്മത്തിലേക്ക് തിരികെ കൊണ്ടുവന്നു. നാശനഷ്ടങ്ങൾ നേരിട്ട ഹൈന്ദവ ആരാധനാലയങ്ങൾക്കും സ്ഥാപനങ്ങൾക്കും സഹായങ്ങളും ചെയ്തു. ആര്യമിഷണറിമാർ നടത്തിയ ഈ മഹത് സേവനമുണ്ടായിരുന്നില്ലെങ്കിൽ ഇന്ന് മലബാറിന്റെ കഥയെന്തായിരിക്കുമെന്ന് നമുക്ക് സങ്കൽപ്പിക്കാവുന്നതാണ്!

ആര്യസമാജ പ്രവർത്തനം കേരളത്തിൽ യുദ്ധസമാനമായ ഒരു സമയത്താണ് ആരംഭിച്ചത് എന്നതിനാൽ അക്കാലത്ത് വേദപ്രചാരണത്തിന് ഉദ്ദേശിച്ചത്ര ശ്രദ്ധ ഊന്നാൻ കഴിഞ്ഞില്ല. നിർബന്ധപൂർവ്വം മതംമാറ്റം ചെയ്യപ്പെട്ടവരെ തിരിച്ചുകൊണ്ടുവരിക എന്നതായിരുന്നു അന്നത്തെ ആപത് ധർമ്മം. സ്വാമി ശ്രദ്ധാനന്ദ്, പണ്ഡിറ്റ് ഹൻസ് രാജ് തുടങ്ങിയ ആര്യ മിഷണറിമാർ കേരളത്തിൽ വ്യാപകമായി പര്യടനം നടത്തി അസ്പൃശ്യത, അനാചാരങ്ങൾ എന്നിവക്കെതിരെ ശക്തമായ പ്രചാരണം നടത്തുകയും വൈക്കം സത്യാഗ്രഹത്തിനു തുടക്കം കുറിക്കുകയും കൽപ്പാത്തി രഥോത്സവത്തോടനുബന്ധിച്ച് അസ്പൃശ്യർ എന്ന പേരിൽ അറിയപ്പെട്ടിരുന്നവർക്ക് ഏർപ്പെടുത്തിയിരുന്ന വിവേചനത്തെ മദ്രാസ് കോടതി വിധിന്യായത്തിലൂടെ നീക്കിക്കൊടുക്കുകയും ചെയ്തു.

*(തുടരും)*

# ഖുറാൻ പരിചയം

## (ഖുറാൻമേൽ ഒരു ഗവേഷണാത്മക ദൃഷ്ടി)

*- ആചാര്യ ദേവപ്രകാശ്*

*തർജ്ജമ: കെ. വേലായുധ ആര്യ*

(**ശാ**സ്ത്രാർത്ഥ മഹാരഥി, ത്യാഗി, തപസ്വി, ആര്യസമാജ പ്രചാരകൻ, ഉറുദു പണ്ഡിതൻ എന്നീ നിലകളിൽ വളരെ പ്രശസ്തനായിരുന്ന ആചാര്യ ദേവപ്രകാശ്ജി എഴുതിയ 'ഖുർആൻ പരിചയ്' എന്ന ഗവേഷണ ഗ്രന്ഥത്തിന്റെ മലയാളം തർജ്ജമയാണിത്. തമിഴ്നാട്ടിലും കേരളത്തിലും ദീർഘകാലം ആര്യമിഷണറിയായി പ്രവർത്തിച്ച ഇപ്പോഴും സദാ കർമ്മനിരതനായ ശ്രീ. കെ. വേലായുധആര്യയാണിത് മലയാളത്തിലേക്ക് മൊഴിമാറ്റം ചെയ്തിരിക്കുന്നത്. ഖുർആനെ കുറിച്ച് ആധികാരികമായി പഠിച്ച് ആദ്യകാലത്ത് ഇസ്ലാം മതാനുയായികൂടിയായിരുന്ന ശ്രീ. ദേവ്പ്രകാശ്ജിയുടെ ഈ ഗവേഷണ ഗ്രന്ഥം മലയാളികൾക്ക് പരിചയപ്പെടുത്തുകയാണിവിടെ. പ്രസിദ്ധ ആര്യനേതാവായിരുന്ന പണ്ഡിറ്റ് നരേന്ദ്രജിയാണിതിന് അവതാരിക (ഭൂമിക) തയ്യാറാക്കിയത്. സുപ്രസിദ്ധ ആര്യസമാജ മിഷണറിയായിരുന്ന ശ്രീ. അമരസ്വാമിക്ക് സമർപ്പിച്ച ഈ ഗ്രന്ഥത്തിലേക്ക് നമുക്ക് പ്രവേശിക്കാം.

പത്രാധിപർ)

☞

**കർവന്നേവേഹി കർമ്മാണി ജിജീവിഷേഛതസമ** *(യജു. 40-2)*

**നിസ്വാർത്ഥമായ ധാർമ്മിക പ്രവർത്തനങ്ങൾ നടത്തിക്കൊണ്ട് നാം നൂറുവർഷം ജീവിക്കുമാറാകട്ടെ!**

## അവതാരിക

അസതോമാ സത്ഗമയ
തമസോമാ ജ്യോതിർഗമയ
മൃത്യോർമ്മ അമൃതം ഗമയ

ഹേ! ജഗത് രക്ഷകനായ പരമാത്മൻ! അങ്ങു ഞങ്ങളെ അസത്യ മാർഗ്ഗത്തിൽ നിന്നും വിടുവിച്ച് സന്മാർഗ്ഗത്തിലേക്ക് നയിച്ചാലും. അവിദ്യാന്ധകാരത്തിൽ നിന്നും വിലക്കി വിദ്യാരൂപമായ ദുഃഖത്തിൽ നിന്നും മോചിപ്പിച്ചു മോക്ഷമെന്ന ആനന്ദരൂപമായ അമൃതപഥത്തിലേക്ക് നയിച്ചാലും.

മനുഷ്യന്റെ അത്യന്ത പരിശ്രമം അസത്-താമസി -മൃത്യു എന്നീ പാശങ്ങളിൽ നിന്നും മോചിതനായി മോക്ഷം പ്രാപിക്കുകയും മറ്റുള്ളവരേയും ഈ അമൃത പഥത്തിലേക്ക് കൊണ്ടുചെല്ലാൻ വേണ്ടിയാണ്. മനുഷ്യൻ ഈവക ബന്ധനങ്ങളിൽപെട്ടിരിക്കുന്നതുവരെ പരംപദത്തെ നേടാൻ കഴിയുകയില്ല എന്നതു സർവ്വമാന്യസിദ്ധാന്തമാകുന്നു.

ഞാൻ അവതരിപ്പിക്കുന്ന ഈ ഗ്രന്ഥം എഴുതിയ ലേഖകന്റെയും മുഖ്യ ലക്ഷ്യം ഇതുതന്നെ. അതായത് അന്ധകാരം-മിഥ്യാവിശ്വാസങ്ങളിൽ നിന്നും മോചിതനാകാതെ പ്രകാശത്തിന്റെ വഴി സ്വീകരിച്ചു പരമധാമത്തെ പ്രാപിക്കാൻ മനുഷ്യനു കഴിയുകയില്ല. മനുഷ്യന് ഈശ്വരൻ ബുദ്ധിയെന്ന ഭൂഷണം നൽകി അലങ്കരിച്ചിരിക്കുന്നു. അവന് ഇഷ്ടമായാൽ സത്യാ-അസത്യത്തെ നല്ലവണ്ണം മനസ്സിലാക്കാൻ കഴിയും. പക്ഷെ, മനുഷ്യർ അവരുടെ ബുദ്ധിയെ വേറെയാർക്കെങ്കിലും പണയം വെച്ചാൽ ആ ബുദ്ധികൊണ്ടു ലാഭം ഉണ്ടാകില്ല. ഇസ്ലാമിന്റെ സ്ഥാപകന്റെ ഭാഷയിൽ

"വ മാ കാനാലേ മോമ നിബ്ബലാ മോമനതിൻ ഇജാ കജല്ലഹോവ രസൂലോഹു അമരൻ അംവ്യകൂനാ ലഹോവുൽ ഖിയരതോ മിത അം രേഹിം വമയ്യാസി ല്ലാഹാവ രസലഹു, ഫകദ് ഇല്ലാ ജലാലമ്മു സീനാ"

*(ഖുർആൻ പാരാ 22 രകൂ 5-2)*

ഇതിന്റെ അർത്ഥം: മുസ്ലിം പുരുഷനോ സ്ത്രീയോ അവർക്ക് അല്ലാഹുവും രസൂലും നിശ്ചയിച്ചിട്ടുള്ളതിനെ തിരസ്കരിക്കുന്നത് ഉചിതമല്ല. അങ്ങനെ ചെയ്താൽ അവർ പഥഭ്രഷ്ടരായി പോകും. അങ്ങനെയുള്ള നിലയിൽ അതായത് അവർക്ക് അധികാരപ്പെട്ടതായ - ചെയ്യാൻ കഴിയുന്നകാര്യത്തിൽ

*(തുടരും)*

## ധർമ്മ പാഠങ്ങൾ

(വൈദിക ധർമ്മ പ്രശ്നോത്തരി)

*-പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി*

(സാർവ്വദേശിക് ആര്യപ്രതിനിധി സഭയുടെ സഹ കാര്യദർശിയായിരുന്ന പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി രചിച്ച ഈ വിശിഷ്ട ഗ്രന്ഥം വൈദികധർമ്മത്തെ വളരെ ലളിത രൂപത്തിൽ പ്രശ്നോത്തരീരൂപേണ കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ പ്രയോജനപ്പെടുന്നവിധത്തിൽ തയ്യാറാക്കിയതാണ്. 1953ൽ ഇറങ്ങിയ ഈ ഗ്രന്ഥത്തിന്റെ നാലാം പതിപ്പിന്റെ തർജ്ജമയാണിവിടെ കൊടുക്കുന്നത്. ആര്യസമാജത്തിന്റെ ഗുരുകുലങ്ങൾ, കന്യാവിദ്യാലയങ്ങൾ തുടങ്ങിയ കേന്ദ്രങ്ങളിൽ പാഠപുസ്തക രൂപേണ വളരെ പണ്ടുമുതലേ പ്രചാരത്തിലുള്ള ഈ ഗ്രന്ഥം എല്ലാവർക്കും വളരെ ഉപയോഗപ്രദമാകുമെന്ന് പ്രതീക്ഷിക്കുന്നു.

*പത്രാധിപർ)*

### ഒന്നാം ഭാഗം

### പാഠം - 1

## ഈശ്വരൻ

ചോദ്യം: സൂര്യൻ, ചന്ദ്രൻ, പർവതങ്ങൾ സമുദ്രങ്ങൾ തുടങ്ങി പ്രപഞ്ചത്തിൽ കാണുന്ന വസ്തുക്കളെ സൃഷ്ടിച്ചതാരാണ് ?

ഉത്തരം: ഈശ്വരൻ

ചോദ്യം: മനുഷ്യനോ മറ്റേതെങ്കിലും ജീവികൾക്കോ ഇവയൊന്നും നിർമ്മിക്കാനാവില്ലേ ?

ഉത്തരം: ഒരിക്കലുമില്ല. ഇത്തരം ആശ്ചര്യജനകമായ വസ്തുക്കളെ നിർമ്മിക്കാനുള്ള ശക്തി ഈശ്വരനല്ലാതെ മറ്റാർക്കുമില്ല.

ചോദ്യം: ഈശ്വരന്റെ രൂപം എങ്ങിനെയാണ് ? അദ്ദേഹം എവിടെ താമസിക്കുന്നു ? നമുക്ക് അദ്ദേഹത്തെ കണ്ണുകൊണ്ട് കാണാനാകുമോ ?

ഉത്തരം: ഈശ്വരൻ എല്ലായിടത്തും നിറഞ്ഞുനിൽക്കുന്നവനാണ്. ഈശ്വരനില്ലാത്ത ഒരു സ്ഥലമോ, വസ്തുവോ എങ്ങുമില്ല. അദ്ദേഹത്തിന് രൂപമോ ശരീരമോ ഇല്ലാത്തതിനാൽ നേത്രങ്ങൾകൊണ്ട് അദ്ദേഹത്തെ ദർശിക്കാനാവില്ല.

ചോദ്യം: ഈശ്വരൻ നമ്മുടെ ഉള്ളിലുമുണ്ടോ ?

ഉണ്ട്: ഉണ്ട്. നമ്മുടെ ഉള്ളിലും, പുറത്തും, മുകളിലും, താഴെയും നാലുവശങ്ങളിലും ഈശ്വരനുണ്ട്. ഇക്കാര്യത്തെ നാം ഒരിക്കലും മറക്കരുത്. സദാ ഓർമ്മയുണ്ടായിരിക്കണം.

ചോദ്യം: ഇക്കാര്യം ഓർക്കുന്നതുകൊണ്ട് എന്താണ് ലാഭം?

ഉത്തരം: ഈശ്വരൻ എല്ലായിടത്തും ഉണ്ടെന്നും എല്ലാം അറിയുന്നുവെന്നും എപ്പോഴും അറിഞ്ഞിരുന്നാൽ നാം ഒരിക്കലും തെറ്റായ കാര്യങ്ങൾ ചെയ്യില്ല. മനസ്സിൽപോലും അത്തരം കാര്യങ്ങൾ ചിന്തിക്കില്ല. സർവ്വലോകങ്ങളുടേയും

☞

**മാതാഭൂമി പുത്രോഹം പൃഥിവ്യാ. ആനോ ഭൂമിർ വർദ്ധയാദ് വർദ്ധമാനാ** *(അഥർവ്വം. 12.1.12.13)*

**ഭൂമി എന്റെ അമ്മയാണ്. ഞാൻ ആ അമ്മയുടെ മകനാണ്. ഈ ഭൂമിമാതാവിന്റെ ഉൽക്കർഷമാണ് എന്റെയും ഉൽക്കർഷം**

രാജാവായ പരമേശ്വരൻ നമ്മെ എല്ലാ ഭാഗങ്ങളിൽ നിന്നും ശ്രദ്ധിക്കുന്നവനായതിനാൽ നമുക്ക് എങ്ങിനെ അസത്യഭാഷണം നടത്താനാകും? മോഷണം നടത്താനാകും? വഞ്ചന നടത്താനാകും? എങ്ങിനെ ചീത്ത ചിന്തകൾ മനസ്സിൽ കൊണ്ടുനടക്കാൻ കഴിയും? അതിനാൽ ധർമ്മത്തിന്റെ ഏറ്റവും വലിയ പാഠം ഇതാണ് ഈശ്വരൻ സർവ്വവ്യാപിയാണെന്ന് മനസ്സിലാക്കി ദുഷ്പ്രവൃത്തികളിൽ നിന്നും സദാ വിട്ടുനിൽക്കുക. വേദം പറയുന്നു "ഈശാവാസ്യമിദം സർവ്വം യദ്കിഞ്ച ജഗത്യാം ജഗത്" (യജു:40.1) ലോകത്തിലെ സകല വസ്തുക്കളിലും ഈശ്വരനുണ്ടെന്നർത്ഥം.

ചോദ്യം: ഈശ്വരൻ എത്രപേരുണ്ട്?

ഉത്തരം: ഈശ്വരൻ ഒന്നേയുള്ളൂ. അദ്ദേഹം സർവ്വലോകവ്യാപകനും സർവ്വജ്ഞനും സർവ്വശക്തിമാനുമാണ്. വേദം ഉപദേശിക്കുന്നു "യ ഏക ഇത് തമുഷ്ഠുഹി" (ഋഗ്വേദം : 6.45.6). ഒരേഒരു ഈശ്വരനേ ഉള്ളൂ. അല്ലയോ മനുഷ്യരേ! അദ്ദേഹത്തെ സ്തുതിക്കുകയും ഭജിക്കുകയും ചെയ്യുക. ഉപനിഷത് മന്ത്രവുമോർക്കുക.

**ഏകോദേവഃ സർവ്വഭൂതേഷു ഗൂഢഃ**
**സർവ്വവ്യാപീ സർവ്വഭൂതാന്തരാത്മാ**
*(ശ്വേതാശ്വതര ഉപനിഷത്)*

പരമേശ്വരൻ ഒന്നേയുള്ളൂ. അദ്ദേഹം സർവ്വപ്രണികളുടെ ഉള്ളിലും ആത്മാവിനും പുറത്തും നിറഞ്ഞുനിൽക്കുന്ന സർവ്വവ്യാപകനാണ്.

*(തുടരും)*

# വേദോക്തധർമ്മം

***-ആചാര്യ ആര്യഭാസ്കർ***

ധർമ്മത്തെകുറിച്ച് വേദങ്ങളിൽ എന്താണ് പറഞ്ഞിരിക്കുന്നത് എന്നു നോക്കാം.

1) **സംഗച്ഛധ്വം സംവദധ്വം**
**സം വോ മനാംസി ജാനതാം**
**ദേവാഭാഗം യഥാപൂർവേ**
**സംജാനാനാ ഉപാസതേ** (ഋഗ്: 1-191-2)

ഈശ്വരൻ എല്ലാ മനുഷ്യർക്കും വേണ്ടി ധർമ്മോപദേശം നടത്തുകയാണ്.

**(സംഗച്ഛധ്വം)** അല്ലയോ മനുഷ്യാ! പക്ഷപാതരഹിതവും ന്യായവും സത്യവുമായ ധർമ്മത്തെ സ്വീകരിക്കൂ. അതിനു വിപരീതമായി ജീവിക്കരുത്. അതിനുവേണ്ടി പരസ്പര വിരോധം ഉപേക്ഷിച്ച് പരസ്പര ബഹുമാനത്തോടുകൂടി കഴിയണം. **(സംവദധ്വം)** വിരുദ്ധവാദങ്ങളും വിതണ്ഡാവാദങ്ങളും ഉപേക്ഷിച്ച് പരസ്പരം പഠിച്ചും പഠിപ്പിച്ചും പ്രശ്നോത്തരാദി സംവാദങ്ങൾ നടത്തിയും സത്യവിദ്യയെ വർദ്ധിപ്പിച്ച് കഴിഞ്ഞാലും. **(സം വോ മനാംസി ജാനതാം)** നിന്റെ യഥാർത്ഥ ജ്ഞാനം ദിവസവും വർദ്ധിപ്പിച്ചുകൊണ്ടേയിരിക്കണം. അതുകൊണ്ട് നിന്റെ മനസ്സ് പ്രകാശമുള്ളതായി പുരുഷാർത്ഥം നേടാൻ യോഗ്യമാകണം.

**(ദേവാഭാഗം യഥാപൂർവേ സംജാനാനാ ഉപാസതേ)** ധർമ്മാത്മാക്കളായ വിദ്വാൻമാർ വേദോക്തമായ രീതിയിൽതന്നെ സത്യധർമ്മങ്ങൾ ആചരിക്കുന്നതുപോലെ നീയും ചെയ്യുക. എന്തുകൊണ്ടെന്നാൽ ധർമ്മജ്ഞാനം മൂന്നു രീതിയിലാണ് ഉണ്ടാകേണ്ടത്. ഒന്ന്, ധർമ്മാത്മാക്കളായ വിദ്വാൻമാരിൽ നിന്ന് പഠിച്ച്, രണ്ടാമത് ആത്മശുദ്ധിയും സത്യജിജ്ഞാസയുംകൊണ്ട്, മൂന്നാമത്, വേദവിദ്യ അറിയുന്നതുകൊണ്ട്. ഇവകൊണ്ട് മാത്രമെ സത്യാസത്യങ്ങൾ നിർണ്ണയിക്കാൻ കഴിയുകയുള്ളൂ.

2) **സമാനോമന്ത്രഃ സമിതിഃ സമാനീ**
**സമാനം മനഃ സഹചിത്തമേഷാം**
**സമാനം മന്ത്രമഭിമന്ത്രയേ വഃ**
**സമാനേന വോ ഹവിഷാ ജുഹോമി** *(ഋഗ്: 1-191-3)*

അല്ലയോ മനുഷ്യാ! നിങ്ങളുടെ മന്ത്രം (സത്യാസത്യവിചാരം) ഒരുപോലെയാകട്ടെ. നിങ്ങൾ ഒന്നിച്ചുകൂടി വിചാരവിനിമയം നടത്തുമ്പോൾ എല്ലാവരുടേയും അഭിപ്രായങ്ങൾ ശ്രദ്ധിക്കണം. സർവ്വഹിതകാരിയും ധാർമ്മികവും ആയതിനെ അംഗീകരിച്ച് നടപ്പാക്കുക. അങ്ങനെ എല്ലാവർക്കും സുഖം ഒരുപോലെയുണ്ടാകട്ടെ. എല്ലാവരും മാനം, ജ്ഞാനം, വിദ്യാഭ്യാസം എന്നിവയും ബ്രഹ്മചര്യദി ആശ്രമങ്ങളും പാലിക്കുക. ഉത്തമനായ മനുഷ്യനെകൊണ്ട് രാജ്യഭരണം നടത്തിക്കുകയും ചെയ്യണം. അതുകൊണ്ട് ബുദ്ധി, ശരീരം, ബലം, പരാക്രമം തുടങ്ങിയ ഗുണങ്ങളുണ്ടാകും. പരസ്പരവ്യവഹാരങ്ങൾ ശുദ്ധമായിരിക്കും. അങ്ങനെയുള്ള ഉത്തമ മര്യാദകൾ എല്ലാവർക്കും ഒരുപോലെ ഉണ്ടായിരിക്കണം. നിങ്ങളുടെ മനസും വിരോധരഹിതമായിരിക്കട്ടെ. എല്ലാ പ്രാണികളുടേയും ദുഃഖം ഇല്ലാതാക്കാനും സുഖം വർദ്ധിപ്പിക്കാനും പരിശ്രമിക്കണം. ശുഭഗുണങ്ങൾ കിട്ടണമെന്ന് ആഗ്രഹിക്കുന്നത് സങ്കൽപ്പവും ദുഷ്ടഗുണങ്ങൾ ത്യജിക്കാനുള്ള ആഗ്രഹം വികൽപ്പവുമാണ്. സങ്കൽപ്പ വികൽപ്പങ്ങൾ മനസ്സിന്റെ വൃത്തിയാണ്. എല്ലാ വിഷയങ്ങളേയും സ്മരിക്കുന്നത് ചിത്തമാണ്. പൂർവാപര കർമ്മങ്ങളെ യഥാതഥ രീതിയിൽ ചിന്തിക്കുന്നതും ഒരേ രീതിയിൽ ആകട്ടെ. നിങ്ങളുടെ മനസ്സും ചിത്തവും മനുഷ്യനന്മക്കായി പ്രവർത്തിക്കട്ടെ. അങ്ങനെ പ്രവർത്തിക്കുന്നവരോട് ഞാൻ കൃപ കാണിക്കുന്നു.

എല്ലാ മനുഷ്യരും ഈ ആജ്ഞ അനുസരിച്ച് ജീവിക്കണമെന്ന് ഞാൻ ആജ്ഞാപിക്കുകയും ആശിർവ്വദിക്കുകയും ചെയ്യുന്നു. നിങ്ങൾ എന്തെങ്കിലും കൊടുക്കുകയോ വാങ്ങുകയോ ചെയ്യുമ്പോൾ ധാർമ്മികമായി ചെയ്യുക. ഞാൻ നിങ്ങളോടൊപ്പം സത്യത്തേയും സത്യത്തോടൊപ്പം നിങ്ങളേയും ബന്ധിക്കുകയാണ്. അതിനെ നിങ്ങൾ ധർമ്മമായി കണക്കാക്കി പ്രവർത്തിക്കുക.

*(തുടരും)*

To

**Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan, Vellinezhi, Palakkad - 679504. Chief Editor: Sri. K. Velayudh Arya. Advisory Board: Acharya Kizhanellur Parameswaran Namboodiri, Acharya Aryabhaskarji, Vanaprasthi Raju Poonjar, T.R. Balachandran Nair, K.K. Jayan, V. Govinda Das. For private circulation among members only. E-mail: aryasamajvellinezhi@gmail.com Visit us : aryasandesam.blogspot.in**